# അധാർമ്മിക രാഷ്ട്രീയത്തിനെതിരെ ജനാധികാര രാഷ്ട്രീയം വളർത്തുക

**എം. പീതാംബരൻ**
സംസ്ഥാന സെക്രട്ടറി, കേരള സർവ്വോദയ മണ്ഡലം

വടക്കാഞ്ചേരി നിയമസഭാമണ്ഡലത്തിൽ ഒരു ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിക്കാനുള്ള സാഹചര്യത്തെ വിലയിരുത്തിയാൽ കേരളത്തിലെ രാഷ്ട്രീയരംഗം എത്രമാത്രം അധാർമ്മികവും ജനവിരുദ്ധവുമാണെന്ന് ഏതൊരാൾക്കും ബോദ്ധ്യപ്പെടും. തികച്ചും അനാവശ്യവും അനവസരത്തിലുമുള്ള ഈ തെരഞ്ഞെടുപ്പിനോട് പ്രതിഷേധം രേഖപ്പെടുത്താൻ വോട്ടർമാർ തന്നെ ജനാധിപത്യപരമായ പ്രക്രിയയിലൂടെ ഒരു ജനകീയ സ്ഥാനാർത്ഥിയെ നിർത്തിയിരിക്കുന്നു. അതുകൊണ്ടു തന്നെ കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു സംഭവമായി ഈ ഉപതെരഞ്ഞെടുപ്പ് മാറുകയാണ്.

കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുകയാണെന്ന് സംസ്ഥാന സർക്കാർ ആവർത്തിച്ച് പ്രഖ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന്റെ പേരിൽ തസ്തികകൾ വെട്ടികുറയ്ക്കുന്നു, നിയമനങ്ങൾ നീട്ടിവെയ്ക്കുന്നു, ആനുകൂല്യങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നു. കർഷകരുടേയും ചെറുകിട സംരംഭകരുടേയും മേൽ ജപ്തി നടപടികൾ സ്വീകരിക്കുന്നു. അതിരൂക്ഷമായ വരൾച്ച കൂടിയായപ്പോൾ സാക്ഷര കേരളത്തിൽ അനുദിനമെന്നോളം ആത്മഹത്യകളും പെരുകുന്നു. കുടിവെള്ളം എത്തിക്കാൻ പോലും പണമില്ലെന്നാണ് സർക്കാരിന്റെ നിലപാട്.

ഇത്രമാത്രം ദുർബലമായിരിക്കുന്ന കേരള ജനതയ്ക്കും, ഖജനാവിനും ലക്ഷങ്ങളുടെ ബാദ്ധ്യത വരുത്തികൊണ്ടാണ് 21-ാംമത്തെ മന്ത്രിയെ അവരോധിച്ചിരിക്കുന്നത്. ഈ കൊച്ചുകേരളത്തിന് 20 മന്ത്രിമാർ തന്നെ ആവശ്യത്തിൽ അധികമാണ്. പിന്നെ എന്തിന് ഈ ഇരുപത്തിയൊന്നാമൻ? ഉത്തരം വ്യക്തമാണ്. കോൺഗ്രസ്സ് പാർട്ടിയിലെ പ്രശ്നങ്ങൾക്ക് താല്ക്കാലിക പരിഹാരമുണ്ടാക്കാൻ ആദർശങ്ങളുടേയോ, ആശയങ്ങളുടേയോ അടിസ്ഥാനത്തിലുള്ള തർക്കമല്ല ആ പാർട്ടിക്കുള്ളിൽ നടക്കുന്നത് - സ്വജന പക്ഷപാതത്തിന്റേയും ലാഭവിഹിതം പങ്കുവെയ്ക്കലിന്റേയും പേരിലാണ് തർക്കം. ഈ പ്രതിനിധിയുടെ മരണം, രാജി, ഒരു മന്ത്രിക്ക് പകരം മറ്റൊരു മന്ത്രിസ്ഥാനമേൽക്കൽ എന്നീ സാഹചര്യങ്ങളിലാണ് ഇതിനു മുമ്പെല്ലാം കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്. എന്നാൽ വടക്കാഞ്ചേരിൽ നടന്നത് ജനഹിതത്തിന്റെ മരണവും, ധാർമ്മികതയുടെ രാജിയും, സ്വജന പക്ഷപാതത്തിന്റെ സ്ഥാനാരോഹണവുമാണ്.

"ഒരു പറ്റം ആളുകൾക്ക് യഥേഷ്ടം അധികാരം കയ്യാളാൻ അവസരം ലഭിക്കുമ്പോഴല്ല മറിച്ച് വഴി തെറ്റുന്ന അധികാരത്തെ നിയന്ത്രിക്കാനുള്ള അവസരം ജനങ്ങൾക്ക് ലഭിക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ് കരഗതമാകുന്നത്" - എന്ന ഗാന്ധിജിയുടെ ദീർഘദർശനം പ്രസക്തമാകുന്നത് ഈ വേളയിലാണ്.

> **പല കാര്യങ്ങളിലും ഇന്ത്യക്ക് മാതൃകയാകുന്ന നമ്മുടെ സംസ്ഥാനം വടക്കാഞ്ചേരിയിലെ ജനകീയ സ്ഥാനാർത്ഥി നിർണ്ണയത്തിലൂടെ വീണ്ടും മാതൃകയാവുകയാണ്.**

നടപ്പ് രീതി അനുസരിച്ച് ഗ്രാമപഞ്ചായത്ത് വാർഡ് തലം മുതൽ പാർലമെന്റ് വരേയുള്ള തലങ്ങളിലേക്ക് സ്ഥാനാർത്ഥിയെ നിശ്ചയിക്കുന്നതിൽ ജനങ്ങൾക്ക് യാതൊരു പങ്കുമില്ലല്ലോ. രാഷ്ട്രീയ പാർട്ടികളോ, അതിലെ തന്നെ ഗ്രൂപ്പുകളോ, ഗ്രൂപ്പിന്റെ ഡീലറോ ഒരു സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കുന്നു. ഇപ്രകാരം പ്രഖ്യാപിക്കപ്പെടുന്ന സ്ഥാനാർത്ഥികൾ സ്വീകാര്യരായാലും അല്ലെങ്കിലും, അവരിലൊരാൾക്ക് വോട്ടു കുത്താൻ ജനങ്ങൾ നിർബന്ധിതരാകുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ തങ്ങളുടെ സ്വാർത്ഥലാഭത്തിനുവേണ്ടിയും ഗ്രൂപ്പ് യജമാനന്മാരെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിയും മണ്ഡലത്തിലെ വോട്ടർമാരോട് ഒരു വാക്ക് പോലും ചോദിക്കാതെ - രാജിവച്ചൊഴിഞ്ഞ വീണ്ടുമൊരു തെരഞ്ഞെടുപ്പ് ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുന്നു. വടക്കാഞ്ചേരിയിലെ സംഭവിച്ചതും ഇതാണ്. അതുകൊണ്ടു തന്നെയാണ് ഈ തെരഞ്ഞെടുപ്പിനുവേണ്ടി പൊതുവെ ഖജനാവിൽ നിന്നും ചെലവാകുന്ന തുക കോൺഗ്രസ്സ് പാർട്ടി ഫണ്ടിൽ നിന്ന് കെട്ടിവയ്ക്കണമെന്ന് പല പൗരാവകാശ സംഘടനകളും ആവശ്യപ്പെടുന്നത്.

ഒരു മണ്ഡലത്തിലെ സ്ഥാനാർത്ഥികളിൽ ആരും തന്നെ വോട്ടർക്ക് സ്വീകാര്യമല്ല എങ്കിൽ നിഷേധവോട്ട് ചെയ്യാൻ സാധിക്കുന്ന വിധം വോട്ടിങ്ങ് യന്ത്രത്തിൽ സംവിധാനം ഏർപ്പെടുത്താൻ അടുത്ത കാലത്ത് ഇലക്ഷൻ കമ്മീഷൻ തീരുമാനിച്ചതാണ്. എന്നാൽ രാഷ്ട്രീയ പാർട്ടികൾ ഒറ്റക്കെട്ടായി നിന്ന് ഈ നീക്കത്തെ ചെറുത്തു. നിയമസഭാ പാർലമെന്റ് അംഗങ്ങളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ മാത്രം കാണാറുള്ള കക്ഷിരാഷ്ട്രീയതീതമായ ഐക്യം ഇക്കാര്യത്തിലും പ്രകടിപ്പിക്കുക വഴി, ഒരു വോട്ടറുടെ ജനാധിപത്യാവകാശത്തെ റദ്ദു ചെയ്യുന്ന കാര്യത്തിൽ കക്ഷിരാഷ്ട്രീയക്കാർ എപ്രകാരം ഏകമനസ്കരാകുന്നു എന്ന് തെളിഞ്ഞു.

ഇത്തരമൊരു സാഹചര്യത്തിലാണ് അധാർമ്മിക രാഷ്ട്രീയത്തെ ചെറുക്കാനും ജനാധികാര രാഷ്ട്രീയത്തെ വളർത്തിയെടുക്കുന്നതിനുമായി വടക്കാഞ്ചേരിയിലെ വോട്ടർമാർ മുന്നോട്ട് വന്നത്. മദ്യവിരുദ്ധ പ്രസ്ഥാനങ്ങളുടേയും സർവ്വോദയ മണ്ഡലത്തിന്റേയും പിൻതുണ വോട്ടർമാരുടെ ആത്മവിശ്വാസത്തെ വർദ്ധിപ്പിക്കുകയും ചെയ്തു.

പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ജനകീയമായി സ്ഥാനാർത്ഥിയെ നിർണ്ണയിക്കുക എന്നതായിരുന്നു ആദ്യഘട്ട പ്രവർത്തനം. നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 8 പഞ്ചായത്തുകളിലും പ്രചാരണം നടത്തി ജനകീയ കൺവെൻഷനിലേയ്ക്ക് വോട്ടർമാരെ ക്ഷണിച്ചുവരുത്തി. പ്രസ്തുത കൺവെൻഷനിൽ വച്ചു തന്നെ വോട്ടർമാർ തങ്ങളുടെ സ്ഥാനാർത്ഥിയെ പൊതുധാരണയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുകയായിരുന്നു.

സ്ഥാനാർത്ഥികൾ മുകളിൽ നിന്ന് പത്രങ്ങളിലൂടെ ജനങ്ങളിലേക്ക് എത്തുന്നതിനും പകരം ജനങ്ങൾ തന്നെ സ്ഥാനാർത്ഥിയെ നിശ്ചയിച്ച് പത്രക്കാരെ അറിയിക്കുന്ന വിപ്ലവകരമായ പ്രവർത്തനമാണവിടെ നടന്നത്. സ്ഥാനാർത്ഥിത്വ പ്രഖ്യാപനത്തിനുശേഷം സ്ഥാനാർത്ഥി മൂന്ന് കാര്യങ്ങൾ ഉറപ്പുനൽകുന്നു.

1. നിയമസഭയുടെ മുമ്പാകെ വരുന്ന നയപരമായ കാര്യങ്ങളിൽ നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വരുന്ന ജനകീയ സമിതികളുമായി ആലോചിച്ചശേഷമായിരിക്കും. ജനപ്രതിനിധി അഭിപ്രായ നിയമസഭയിൽ പറയുക.
2. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതികളോ, ഭൂരിഭാഗം ഗ്രാമസഭകളോ ജനപ്രതിനിധിയുടെ പ്രവർത്തനങ്ങളിൽ അതൃപ്തി രേഖപ്പെടുത്തിയാൽ എം.എൽ.എ. സ്ഥാനം രാജിവയ്ക്കും.
3. മറ്റെന്തെങ്കിലും കാരണവശാൽ എം.എൽ.എ.യ്ക്ക് രാജിവയ്ക്കേണ്ടി വരികയാണെങ്കിൽ മേൽപ്പറഞ്ഞ സമിതികളുടെ മുൻകൂട്ടിയുള്ള അനുമതി തേടും.